# മഹാത്മാഗാന്ധി സർവ്വകലാശാല
## പി. ഡി. ഹിൽസ്
## അതിരമ്പുഴ, കോട്ടയം -686560

51900/AD B2-2/2024/AD B 2 25.05.2024

**ടെൻഡർ നോട്ടീസ്**

മഹാത്മാഗാന്ധി സർവകലാശാലയിലേക്ക് ആവശ്യമായ ക്ലീനിങ് മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**ഇനവിവരണം**

| ക്രമ നം. | സാധനങ്ങൾ | ആവശ്യമുള്ള അളവ് | യൂണിറ്റ് |
|---|---|---|---|
| 1 | ക്ലീനിങ് ലോഷൻ (white) (Concentrated) | 100 | ലിറ്റർ |
| 2 | പുൽച്ചൂൽ (3D/ Red) | 150 | എണ്ണം |
| 3 | കുറ്റിച്ചൂൽ (BB) | 150 | എണ്ണം |
| 4 | മോപ്പ് (Kerala clip) | 50 | എണ്ണം |
| 5 | ഹാർപിക് (1Ltr) | 200 | ബോട്ടിൽ |
| 6 | ടോയ്‌ലറ്റ് ബ്രെഷ് (വലുത് ) | 100 | എണ്ണം |
| 7 | ടർക്കി (22 x 22) | 100 | എണ്ണം |
| 8 | ഡസ്റ്റ് പാൻ | 50 | എണ്ണം |
| 9 | കോറ ക്ലോത് | 50 | മീറ്റർ |
| 10 | ഗ്ലാസ് ക്ലീനർ (Colin) | 25 | എണ്ണം |
| 11 | ഗ്ലൗസ് (rubber; Medium size) | 200 | എണ്ണം |
| 12 | കുമ്മായം | 30 | കി.ഗ്രാം. |
| 13 | ബ്ലീച്ചിങ് പൗഡർ | 20 | കി.ഗ്രാം. |
| 14 | ബക്കറ്റ് (10 Ltr) | 100 | എണ്ണം |
| 15 | മഗ്ഗ് (1 Ltr) | 100 | എണ്ണം |
| 16 | ചൂക്കിലി കോൽ | 10 | എണ്ണം |
| 17 | കൊട്ട (പ്ലാസ്റ്റിക് - സ്റ്റാൻഡേർഡ് സൈസ്) | 10 | എണ്ണം |
| 18 | ലോങ്ങ് ഹാൻഡിൽ ബ്രഷ് | 10 | എണ്ണം |
| 19 | വേസ്റ്റ് കവർ (കറുപ്പ് ) | 150 | എണ്ണം |
| 20 | വാഷ് ബേസിൻ ബ്രഷ് (ചെറുത്) | 20 | എണ്ണം |

ടെൻഡർ അടങ്ങുന്ന കവറിന് പുറത്ത് ടെൻഡർ നമ്പർ രേഖപ്പെടുത്തേണ്ടതും **രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി ഹിൽസ് പി. ഒ, കോട്ടയം -686560** എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്.

**ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി, സമയം: 15/06/2024, 3.15 പി.എം വരെ**
**ടെൻഡർ തുറക്കുന്ന തീയതി, സമയം: 15/06/2024, 3.30 പി.എം**
**ടെൻഡർ ഫോറം വില - 400/-രൂപ**
**നിരതദ്രവ്യം (EMD) - 1500/- രൂപ**

കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഭരണവിഭാഗം എ ഡി ബി 2 സെക്ഷനിൽ (ഫോൺ നം. 0481 2733307) നിന്നും www.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

**പ്രത്യേക നിബന്ധനകൾ**

1. വിതരണം ചെയുന്ന സാധനങ്ങളുടെ വ്യാപാര നാമം ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിന്റെ ജി.എസ്.റ്റി നമ്പറും ടെൻഡറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
2. ടെൻഡർ ഫോറം, സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (www.mgu.ac.in/Downloads/ Other Forms/ Format of Tender Form)
3. ടെൻഡർ ഫോറത്തിന്റെ വില സർവ്വകലാശാലയുടെ ഓൺലൈൻ പെയ്മെന്റ് സംവിധാനം മുഖേന അടയ്ക്കേണ്ടതും പണമടച്ചതിന്റെ രസീത് ടെൻഡറോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

Draft #2 of File 51900/AD B2-2/2024/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 25-May-2024 02:06 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. ടെൻഡറിനോടൊപ്പം ഉള്ളടക്കം ചെയ്യുന്ന നിരത ദ്രവ്യം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി Online Payment സംവിധാനത്തിലൂടെ (www.mgu.ac.in - Online Payment-Miscellaneous) സമർപ്പിക്കാവുന്നതാണ്.
5. **എല്ലാവിധ നികുതിയും, പാക്കിങ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കയറ്റിറക്ക കൂലി മുതലായവ ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്.**
6. ടെൻഡറുകൾക്ക് രണ്ട് മാസത്തെ പ്രാബല്യം ഉണ്ടായിരിക്കും.
7. ടെൻഡറിനോടൊപ്പം സർവകലാശാലയിൽ നിന്നും ആവശ്യപെടുന്നതിനനുസരിച്ച് **ക്ലീനിങ് മെറ്റീരിയൽസിന്റെ സാമ്പിളുകൾ** സമർപ്പിക്കേണ്ടതാണ്.
8. ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞാൽ 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെൻറ് സമർപ്പിക്കേണ്ടതും ഒപ്പം ടെൻഡർ തുകയ്ക്കനുസരിച്ചുള്ള കരുതൽ നിക്ഷേപം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി Online Payment സംവിധാനത്തിലൂടെ (www.mgu.ac.in - Online Payment - Miscellaneous) സമർപ്പിക്കേണ്ടതുമാണ്.
9. അംഗീകരിക്കപ്പെടുന്ന ടെൻഡറുകൾ സപ്ലൈ ഓർഡർ തീയതി മുതൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ സപ്ലൈ പൂർത്തിയാക്കേണ്ടതാണ്.
10. ക്ലീനിങ് മെറ്റീരിയൽസ് സർവകലാശാല ജനറൽ സ്റ്റോറിലേക്ക് വിതരണം ചെയ്യണം.
11. ഓരോ ഇനത്തിന്റെയും കുറഞ്ഞ വിലയുടെ അടിസ്ഥാനത്തിലാണ് വിതരണ ഉത്തരവ് നൽകുന്നത്. അതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ സാധനങ്ങൾ ഭാഗികമായി വിതരണം ചെയ്യുന്നതിന് സന്നദ്ധമായിരിക്കണം.
12. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അവസാന സമർപ്പണ സമയം കഴിഞ്ഞു ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
13. ടെണ്ടർ തുറക്കുന്ന ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിർദിഷ്ട സമയത്ത് ടെൻഡർ തുറക്കുന്നതാണ്.
14. നിശ്ചിത സമയ പരിധിക്കുള്ളിൽ ടെൻഡർ തുറക്കാൻ ആവശ്യമായ 3 ടെൻഡറുകൾ ലഭിച്ചില്ലായെങ്കിൽ ടെൻഡർ സ്വീകരിക്കുന്നതിനുള്ള സമയ പരിധി 15 പ്രവൃത്തി ദിവസങ്ങൾ കൂടി ദീർഘിപ്പിക്കുന്നതാണ് .
15. ദീർഘിപ്പിച്ച കാലയളവിൽ കൂടുതൽ ടെൻഡറുകൾ ലഭിച്ചാൽ ആദ്യ ടെൻഡറുകൾ ഉൾപ്പെടെയുള്ളവ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
16. ദീർഘിപ്പിച്ച കാലയളവിൽ പുതിയ ടെൻഡറുകൾ ലഭിച്ചില്ലെങ്കിൽ 10 ദിവസത്തെ സമയ പരിധിയിൽ പുനഃ ടെൻഡർ ക്ഷണിക്കുന്നതായിരിക്കും.
17. ടെൻഡർ മാറ്റി വയ്ക്കുവാനോ, കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും.

BINDU D BHAT
ASSISTANT REGISTRAR III (ADMIN)

അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു.

സെക്ഷൻ ഓഫീസർ

**പകർപ്പുകൾ** :-
1. സ്റ്റോർ കീപ്പർ, ജനറൽ സ്റ്റോർ
2. പി. ആർ. ഒ. (യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് വേണ്ടി).
3. ഗവൺമെൻറ് ഓഡിറ്റ്.
4. ജനറൽ തപാൽ (ടെൻഡർ സ്വീകരിക്കുന്നതിന് വേണ്ടി).

Draft #2 of File 51900/AD B2-2/2024/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 25-May-2024 02:06 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 51900/AD B2-2/2024/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 25-May-2024 02:06 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം